സി 6/10114/2017/കോ.വി.വ (2)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി - 04/06/2018

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം -സർക്കാർ കോളേജുകൾ - കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം താത്ക്കാലിക നിയമനം നടത്തുന്നതു - സംബന്ധിച്ച് -

സൂചന:-
1. 09/05/2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 918/2018/ഉ.വി.വ
2. 30/05/2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1078/2018/ഉ.വി.വ
3. 19/05/2018 – ലെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോ - ഓർഡിനേറ്ററുടെ കത്ത് നം. 126/E3/2012/KSTVM

സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും സ്ഥിരം തസ്തിക സൃഷ്ടിയ്ക്കുന്നതുവരെ കുടുംബശ്രീ മുഖാന്തിരം സ്വീപ്പർ/സാനിട്ടേഷൻ വർക്കർ/കുക്ക്/സെക്യൂരിറ്റി ജോലികൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ താത്ക്കാലിക നിയമനം നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു.

സൂചന (3) കത്ത് പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഇത്തരം താൽക്കാലിക നിയമനങ്ങൾ കുടുംബശ്രീ ജില്ലാ മിഷനിൽ പ്രവർത്തിയ്ക്കുന്ന കേരളശ്രീ വഴി നടത്തണമെന്നും വഴുതയ്ക്കാട് കേരളശ്രീ എന്ന പേരിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനം അനധികൃതമായി പ്രവർത്തിയ്ക്കുന്നതാണെന്നും ടി സ്ഥാപനം കുടുംബശ്രീ ജില്ലാ മിഷന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിയ്ക്കുന്നതല്ലെന്നും കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ അറിയിച്ചിട്ടുള്ളതാകുന്നു.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ.എ.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471 2305547
srao.colledn@kerala.gov.in

പകർപ്പ്:-

തിരുവനന്തപുരം ജില്ലയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളുടേയും അറിവിലേയ്ക്കായി.

//അംഗീകാരത്തോടെ//

എസ്.ഒ 5/6/2018

സൂപ്രണ്ട്

13977

GOVERNMENT OF KERALA 2017-18

"ഭരണഭാഷ - മാതൃഭാഷ"

021654

# കുടുംബശ്രീ

തിരുവനന്തപുരം ജില്ലാമിഷൻ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(തദ്ദേശസ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
പട്ടം പാലസ്. പി. ഒ., തിരുവനന്തപുരം –695 004
ഫോൺ: 0471-2447552 ഇ - മെയിൽ: spemtvm@gmail.com

കുടുംബശ്രീ

*126/E3/2012/KSTVM* *തീയതി: 19/05/2018*

**പ്രേഷിതൻ**

**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ**

**സ്വീകർത്താവ്**

**ഡയറക്ടർ**
**കൊളിജിയേറ്റ് എഡ്യൂക്കേഷൻ**
**വികാസ് ഭവൻ**
**തിരുവനന്തപുരം**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം 19 MAY 2018 തിരുവനന്തപുരം

**സർ,**

സർക്കാർ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങൾ കുടുംബശ്രീ വഴി നടത്താവുന്നതാണെന്ന് കുടുംബശ്രീക്ക് നിർദ്ദേശം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ഇത്തരം താൽക്കാലിക നിയമനങ്ങൾ കുടുംബശ്രീ ജില്ലാമിഷനിൽ പ്രവർത്തിക്കുന്ന കേരളശ്രീ വഴി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വഴുതയ്ക്കാട് കേരളശ്രീ എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനം അനധികൃതമായി പ്രവത്തിക്കുന്നതാണ്. ടി സ്ഥാപനം കുടുംബശ്രീ ജില്ലാമിഷന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്നതല്ല എന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ :

ഡോ. കെ.ആർ. ഷൈജു
കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ
9447894141

വിശ്വസ്തതയോടെ

**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ**

OFFICE OF THE DISTRICT MISSION CO-ORDINATOR KUDUMBASHREE, THIRUVANANTHAPURAM

District Mission Co-ordinator
Kudumbashree District Mission
Pattom Palace P.O
Thiruvananthapuram